മഹാത്മാഗാന്ധി സർവകലാശാല
പ്രിയദർശിനി ഹിൽസ് പി.ഒ. കോട്ടയം, കേരളം – 686 560
(കേരള സംസ്ഥാന നിയമസഭയുടെ 1985 ഏപ്രിൽ 17ലെ 3431/ലെജി. സി1/85/നിയമം നമ്പർ വിജ്ഞാപനപ്രകാരം സ്ഥാപിതമായത്)

Draft #23 of File 37700/ADB 1/2/2019/REG SECT Approved by ESTATE OFFICER ADMINISTRATION on 02-Mar-2023 02:36 PM - Page 1

37700/ADB 1/2/REG SECT/REG SECT
02.03.2023

## <u>പുന: ക്വട്ടേഷൻ നോട്ടീസ്</u>

മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റുഡന്റ്സ് കാന്റീൻ കരാർ അടിസ്ഥാനത്തിൽ നടത്തുന്നതിന് പരിചയസമ്പന്നരായ വ്യക്തികളിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ബന്ധപ്പെട്ട കരാർ നിബന്ധനകളും വ്യവസ്ഥകളും ക്വട്ടേഷൻ ഫോറവും എഡി.ബി1 സെക്ഷനിൽ നിന്ന് നേരിട്ടും സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in) നിന്ന് ഡൗൺലോഡ് ചെയ്തും ഉപയോഗിക്കാവുന്നതാണ്.

താത്പര്യമുള്ള വ്യക്തികൾ തങ്ങളുടെ ക്വട്ടേഷനുകൾ സീൽ ചെയ്ത കവറുകളിൽ, ***"സ്റ്റുഡന്റ്സ് കാന്റീൻ നടത്തുവാനുള്ള പുന:ക്വട്ടേഷൻ"*** എന്ന് രേഖപ്പെടുത്തി ***രജിസ്ട്രാർ, മഹാത്മാഗാന്ധി സർവകലാശാല,കോട്ടയം-686560*** എന്ന വിലാസത്തിൽ 14/03/2023, ***03.00PM-നകം*** ലഭിക്കത്തക്ക വിധത്തിൽ അയക്കേണ്ടതാണ്.

ക്വട്ടേഷനുകൾ തുറക്കുന്ന തീയതി, സമയം :14 /03 /2023 *,03.30PM.*

- അവസാന തീയതിക്കും,സമയത്തിനും ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.
- ക്വട്ടേഷനുകൾ തുറക്കുവാൻ നിശ്ചയിച്ചിട്ടുള്ള ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം 03.30 PM -ന് ആയവ തുറക്കുന്നതാണ്.

കോൺടാക്ട് നമ്പർ: 9747772069

സജീവ് കെ എൻ
എസ്റ്റേറ്റ് ഓഫീസർ (ഭരണ വിഭാഗം)

Draft #24 of File 37700/ADB 1/2/2019/REG SECT Approved by ESTATE OFFICER ADMINISTRATION on 02-Mar-2023 02:36 PM - Page 1

37700/ADB 1/2/2019/REG SECT 02.03.2023

**പുനർ ക്വട്ടേഷൻ ഫോറം**

1. പുനർക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ (വ്യക്തികളുടെ) പേര് :

2. സ്ഥിരമായ മേൽവിലാസം :

3. കത്തിടപാടുകൾ നടത്തുവാനുള്ള മേൽ വിലാസവും, കോൺടാക്ട് നമ്പറും :

4. കാന്റീൻ നടത്തിപ്പിലെ പൂർവ്വപരിചയ വിവരങ്ങൾ : (തെളിയിക്കുന്നതിനാവശ്യമായ രേഖകൾ സമർപ്പിക്കുക)

സർവ്വകലാശാല സ്റ്റുഡന്റ്സ് കാന്റീൻ നടത്തുന്നതിനായി അനുബന്ധം-ബി യിൽ ഞാൻ കൊടുത്തിരിക്കുന്ന വിലനിലവാരം അംഗീകരിക്കുകയാണെങ്കിൽ അനുബന്ധം-എ യിൽ പറഞ്ഞിരിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് പ്രവർത്തിച്ചുകൊള്ളാം എന്ന് ഇതിനാൽ സമ്മതിച്ച് കൊള്ളുന്നു.

സ്ഥലം : ഒപ്പ് :
തീയതി : പേര് :

---

**ഓഫീസ് ഉപയോഗത്തിന് വേണ്ടി**

............................... തീയതി ............................. മണിക്ക്
ശ്രീ.ശ്രീമതി ....................................................................... നൽകിയ ക്വട്ടേഷൻ ഫോറം

ഒപ്പ്

SAJEEV K N
ESTATE OFFICER ADMINISTRATION

Draft #29 of File 37700/ADB 1/2/2019/REG SECT Approved by ESTATE OFFICER ADMINISTRATION on 02-Mar-2023 02:40 PM - Page 1



**അനുബന്ധം-എ**

കാന്റീൻ നടത്തിപ്പിനുള്ള അനുവാദത്തിനായി അനുവർത്തിക്കേണ്ട നിബന്ധനകളും വ്യവസ്ഥകളും.

1. കരാർ കാലാവധി ഒരു വർഷമായിരിക്കും.
2. തിരഞ്ഞെടുക്കപ്പെട്ടാൽ കരുതൽ നിക്ഷേപമായി കരാറുകാരൻ ₹30,000/-(മുപ്പതിനായിരം രൂപ മാത്രം) സർവ്വകലാശാല അക്കൗണ്ടിൽ അടയ്ക്കേണ്ടതാണ്.
3. പാചകത്തിനാവശ്യമായ ഇന്ധനം, പാത്രങ്ങൾ, വിളമ്പാനുള്ള പാത്രങ്ങൾ തുടങ്ങിയവയും, പാചകക്കാരെയും വിളമ്പുകാരെയും കരാറുകാരൻ തന്നെ ഏർപ്പാട് ചെയ്യേണ്ടതാണ്. യാതൊരു കാരണവശാലും വൈദ്യുതി ഇന്ധനമായി ഉപയോഗിക്കുവാൻ പാടുള്ളതല്ല.
4. സ്ഥാപനത്തിന്റെ യശസ്സിന് ഭംഗം വരാത്ത വിധത്തിൽ രുചികരവും വൈവിധ്യമാർന്നതുമായ ഭക്ഷണം നൽകേണ്ടതാണ്.
5. അത്യന്തം ശുചിത്വമാർന്ന സാഹചര്യത്തിൽ പാചകം ചെയ്യുന്ന രുചികരമായ ഭക്ഷണ സാധനങ്ങൾ മാറിമാറി നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
6. വിളമ്പുകാർ കഴിവതും വെള്ള യൂണിഫോം വൃത്തിയായി ധരിക്കുകയും അവർ തികച്ചും ആരോഗ്യവാന്മാർ / ആരോഗ്യവതികൾ ആയിരിക്കുകയും വേണം.
7. വിവിധ ഭക്ഷണ സാധനങ്ങളുടെ വിലനിലവാരപ്പട്ടിക കാന്റീനിൽ എല്ലാവർക്കും കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണ്.
8. സർവ്വകലാശാല രജിസ്ട്രാറുടെ മുൻകൂർ ലിഖിത അനുമതിയില്ലാതെ യാതൊരു കാരണവശാലും വിലനിലവാരത്തിൽ മാറ്റം വരുത്തരുത്.
9. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 8 മണി മുതൽ വൈകിട്ട് 6 മണി വരെ ഭക്ഷണസാധനങ്ങൾ ലഭ്യമാക്കേണ്ടതാണ്.
10. കാലാകാലങ്ങളിൽ സർവ്വകലാശാല രജിസ്ട്രാർ ക്യാന്റീനിന്റെ സുഗമമായ നടത്തിപ്പിനായി നൽകുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
11. കാന്റീൻ നടത്തിപ്പിൽ അതൃപ്തികരമായ എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ യാതൊരു മുൻകൂർ അറിയിപ്പും ഇല്ലാതെ കരാർ റദ്ദ് ചെയ്യുന്നതായിരിക്കും.
12. കാന്റീൻ കെട്ടിടവും പരിസരവും, ഉപയോഗിക്കാനായി നൽകുന്ന ഫർണിച്ചറുകളും വൃത്തിയായി സൂക്ഷിക്കണം. ക്യാന്റീനിന്റെ തറ ദിവസേനെ കഴുകി തുടയ്ക്കണം. അടുക്കള എപ്പോഴും വൃത്തിയുള്ളതായിരിക്കണം.
13. ആരുടെ ക്വട്ടേഷനാണോ അംഗീകരിക്കപ്പെടുന്നത് അവർ തന്നെ കാന്റീൻ നടത്തേണ്ടതാണ്. മറ്റാരെയും ചുമതലപ്പെടുത്താൻ അനുവദിക്കുന്നതല്ല.
14. ആവശ്യക്കാർക്ക് ജീരക വെള്ളമോ കരിങ്ങാലി വെള്ളമോ നൽകേണ്ടതാണ്.
15. ചില പ്രത്യേക അവസരങ്ങളിൽ സർവ്വകലാശാല ആവശ്യപ്പെട്ടാൽ രാത്രി കാലങ്ങളിലും ഉദ്യോഗസ്ഥർക്ക് ഭക്ഷണം നൽകുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.
16. സർവ്വകലാശാലയും കരാറുകാരനുമായി ഒരു സമ്മതപത്രത്തിൽ ഒപ്പിടേണ്ടതാണ്.
17. ക്വട്ടേഷനുകൾ സ്വീകരിക്കാനും നിരാകരിക്കാനുമുള്ള അധികാരം രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കും.
18. അപൂർണ്ണമായ അപേക്ഷകൾ തള്ളിക്കളയുന്നതായിരിക്കും.

സജീവ് കെ എൻ

എസ്റ്റേറ്റ് ഓഫീസർ (ഭരണ വിഭാഗം)

37700/ADB 1/2/REG SECT/REG SECT
02.03.2023

Draft #25 of File 37700/ADB 1/2/2019/REG SECT Approved by ESTATE OFFICER ADMINISTRATION on 02-Mar-2023 02:38 PM - Page 1

മലയാളസർവ്വകലാശാല, കേരളം

**അനുബന്ധം-ബി**

**സ്റ്റുഡന്റ്സ് ക്യാന്റീനിൽ ലഭ്യമാക്കേണ്ട, ചുവടെ ചേർത്തിരിക്കുന്ന ഭക്ഷണപദാർത്ഥങ്ങളുടെ, ലിസ്റ്റിൽ വിലനിലവാരം രേഖപ്പെടുത്തുക**

| ക്രമ നം. | ഐറ്റം | അളവ് | വില സ്റ്റുഡൻസ്/ സ്റ്റാഫ് | വില പബ്ലിക് |
|---|---|---|---|---|
| I | **വെജിറ്റേറിയൻ ഊണ്** (കുത്തരി),പരിപ്പ്/സാമ്പാർ,പപ്പടം, പുളിശ്ശേരി,രസം/മോര്/തൈര്, തോരൻ,അവിയൽ/തീയൽ, അച്ചാർ, ചമ്മന്തി/സാലഡ് | മതിയാവോളം | | |
| II | **പാനീയങ്ങൾ** | | | |
| 1. | ചായ | 175 മി | | |
| 2. | കോഫി (ബ്രൂ, നെസ്കഫെ) | 175 മി | | |
| 3. | കട്ടംചായ | 175 മി | | |
| 4. | കട്ടംകാപ്പി | 175 മി | | |
| 5. | പാൽ | 175 മി | | |
| III | **പലഹാരങ്ങൾ** | | | |
| 1. | ദോശ(ചമ്മന്തിയും സാമ്പാറും ഉൾപ്പെടെ) | 50 ഗ്രാം | | |
| 2. | മസാലദോശ | 150 ഗ്രാം | | |
| 3. | അപ്പം | 50 ഗ്രാം | | |
| 4. | പാലപ്പം | 50 ഗ്രാം | | |
| 5. | ഇഡ്ഡലി | 50 ഗ്രാം | | |
| 6. | ഇടിയപ്പം | 50 ഗ്രാം | | |
| 7. | പൊറോട്ട | 50 ഗ്രാം | | |
| 8. | പരിപ്പ് വട | 50 ഗ്രാം | | |
| 9. | ഉള്ളി വട | 50 ഗ്രാം | | |
| 10. | ഉഴുന്ന് വട | 50 ഗ്രാം | | |
| 11. | ബോണ്ട | 50 ഗ്രാം | | |
| 12. | ഏത്തപ്പഴം പുഴുങ്ങിയത് | 1 എണ്ണം | | |
| 13. | പഴംപൊരി | 1 എണ്ണം | | |

Draft #25 of File 37700/ADB 1/2/2019/REG SECT Approved by ESTATE OFFICER ADMINISTRATION on 02-Mar-2023 02:38 PM - Page 2

| | | | | |
|---|---|---|---|---|
| 14. | സമോസ | 50 ഗ്രാം | | |
| 15. | പഫ്സ് | 50 ഗ്രാം | | |
| 16. | സുഖിയൻ | 50 ഗ്രാം | | |
| 17. | നെയ്യപ്പം | 50 ഗ്രാം | | |
| 18. | ഉപ്പുമാവ്( പഞ്ചസാരയോ ചമ്മന്തിയോ) | 150 ഗ്രാം | | |
| 19. | പുട്ട് (3 കഷ്ണം) | 150 ഗ്രാം | | |
| 20. | പൂരിമസാല | ഒരു സെറ്റ് | | |
| 21. | ചപ്പാത്തിയും വെജിറ്റബിൾ കറിയും | ഒരു സെറ്റ് | | |
| 22. | കപ്പ | 100 ഗ്രാം | | |
| IV | **പ്രത്യേക വിഭവങ്ങൾ** | | | |
| 1. | തൈര് | ഒരു കപ്പ് | | |
| 2. | മുട്ട റോസ്റ്റ് - താറാവ് | സിംഗിൾ | | |
| 3. | മുട്ട റോസ്റ്റ് - കോഴി | സിംഗിൾ | | |
| 4. | ഓംലെറ്റ് - താറാവ് | സിംഗിൾ | | |
| 5. | ഓംലെറ്റ് - കോഴി | സിംഗിൾ | | |
| 6. | മീൻ കറി (1 കഷ്ണം) | 30 ഗ്രാം | | |
| 7. | മീൻ വറുത്തത് | 50 ഗ്രാം | | |
| 8. | ബീഫ് കറി | ഒരു പ്ലേറ്റ് | | |
| 9. | ബീഫ് ഫ്രൈ | 75 ഗ്രാം | | |
| 10. | മട്ടൺ കറി | 75 ഗ്രാം | | |
| 11. | മട്ടൺ ഫ്രൈ | 75 ഗ്രാം | | |
| 12. | ചിക്കൻ കറി | 75 ഗ്രാം | | |
| 13. | ചിക്കൻ ഫ്രൈ | 75 ഗ്രാം | | |
| 14. | കടലക്കറി | ഒരു പ്ലേറ്റ് | | |
| 15. | വെജിറ്റബിൾ / കിഴങ്ങു കറി | ഒരു പ്ലേറ്റ് | | |
| 16. | ചിക്കൻ ബിരിയാണി | ഒരു സെറ്റ് | | |
| 17. | ബീഫ് ബിരിയാണി | ഒരു സെറ്റ് | | |
| 18. | മുട്ട ബിരിയാണി | ഒരു സെറ്റ് | | |
| 19. | വെജിറ്റബിൾ ബിരിയാണി | ഒരു സെറ്റ് | | |

മേൽപ്പറഞ്ഞിട്ടുള്ള III,IV ഇനങ്ങളിൽപെട്ട ഭക്ഷണപദാർത്ഥങ്ങളിൽ രണ്ടോ മൂന്നോ ഇനങ്ങളെങ്കിലും ദിവസവും വിൽക്കുന്ന മെനുവിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

സജീവ് കെ എൻ

മലയാളം സർവ്വകലാശാല, കേരളം

എസ്റ്റേറ്റ് ഓഫീസർ (ഭരണ വിഭാഗം)

Draft #25 of File 37700/ADB 1/2/2019/REG SECT Approved by ESTATE OFFICER ADMINISTRATION on 02-Mar-2023 02:38 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം